# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2209 17.02.2016- ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറിത്തൊഴിലാളികളുടെ ക്ഷേമത്തിനും കൈത്തറിമേഖലയുടെ സമ്പൂർണ്ണവളർച്ചയ്ക്കും പര്യാപ്തമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) കൈത്തറി മേഖലയുടെ ക്ഷേമത്തിനും സമ്പൂർണ്ണ വളർച്ചയ്ക്കും താഴെപറയുന്ന ക്ഷേമനടപടികൾ സ്വീകരിച്ചു വരുന്നു.<br>1.കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി.<br>2.നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും വേണ്ടിയുള്ള പ്രചോദന പരിപാടി.<br>3.കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനപദ്ധതിയും.<br>4. ഹാന്റ് ലൂം വില്ലേജ്.<br>5. റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കി. ഇതു വഴി 2010 വരെയുള്ള ലോണിന്റെ 100% ഉം പലിശയുടെ 25%ഉം ഒഴിവാക്കി.<br>6.കൈത്തറിമേളയും ബയർസെല്ലർ മീറ്റും നടത്തി വിപണി പ്രോത്സാഹനം നടത്തി വരുന്നു.<br>7.കേന്ദ്രഗവൺമെന്റ് പദ്ധതിയായ ദേശീയ കൈത്തറി മേളകൾ നടത്തിവരുന്നു.<br>8.സംഘത്തിന്റെയും നെയ്ത്തുകാരുടേയും വർക്ക് ഷെഡ് നവീകരണം, ഷോറൂം നവീകരണം, കൈത്തറി വസ്ത്ര പ്രദർശനവും പ്രചാരണവും വിവിധ മാധ്യമങ്ങളിലൂടെ നൽകി ജനങ്ങൾക്ക് വ്യക്തമായ അവബോധം നൽകിവരുന്നു. |

9.ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപന്നങ്ങൾ നെയ്യുന്നതിന് വിദഗ്ധ പരിശീലനം നടത്തിവരുന്നു.
10. കൈത്തറി ഉൽപന്നങ്ങൾ കേരള കൈത്തറി എന്ന പേരിൽ ബ്രാന്റ് വികസനം നടത്തുന്നുണ്ട്.
11.മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) കൈത്തറിത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, വിലക്കൂടുതൽ എന്നിവ പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) കൈത്തറി മേഖലയിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി യാൺ ബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ സബ്സിഡിയോട് കൂടി നൂൽ, കെമിക്കൽസ് & ഡൈസ് എന്നിവ വിതരണം നടത്തുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരത്തും ബാലരാമപുരത്തും കണ്ണൂരും യാൺ ഡിപ്പോകൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ